**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 5050** **24.07.2015-ലെ മറുപടിയ്ക്ക്**

**കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതികളിലെ ക്രമക്കേട്**

**ചോദ്യം**

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**ഉത്തരം**

**ശ്രീ.എ.പി.അനിൽ കുമാർ**

**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

(എ) കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതികളിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് കേന്ദ്രം സംസ്ഥാന ടൂറിസം വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേട് കണ്ടെത്തിയതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം ക്രമക്കേടുകൾ കേന്ദ്രസഹായം നിർത്തലാക്കുന്ന അവസ്ഥയുണ്ടാക്കുന്നതിന് കാരണമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ) യും (ബി) യും (സി) യും

2008-2009 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ 4 പദ്ധതികൾ ഇന്ത്യാ ടൂറിസം അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടിയ 'ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് കേരള കലാമണ്ഡലം ആസ് എ കൾച്ചറൽ ടൂറിസം ഡെസ്റ്റിനേഷൻ', 'ഡെവലപ്മെന്റ് ഓഫ് അഷ്ടമുടി ക്രൂസ് സർക്യൂട്ട്' എന്നീ പദ്ധതികളെ സംബന്ധിച്ച പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ